# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1425** **03.12.2015-ൽ മറുപടിക്ക്**

## ഇടപ്പള്ളി - മണ്ണുത്തി ദേശീയപാതയിലെ പ്രശ്നങ്ങൾ

| ചോദ്യം<br>**പ്രൊഫ. സി.രവീന്ദ്രനാഥ്** | | മറുപടി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|---|
| (എ) ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നെടുത്ത യോഗ തീരുമാനങ്ങൾ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട അധിക പണികൾക്ക് 98.68 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചുവെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. |
| (ബി) ഇതുകൊണ്ട് തുടരെ തുടരെ ദാരുണമായ വാഹന അപകട മരണങ്ങൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) ഈപ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) & (സി) | അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണം റോഡിന്റെ മോശമായ അവസ്ഥയ്ക്ക് പുറമെ മദ്യപിച്ച് വണ്ടി ഓടിക്കുന്നതും, അധിക വേഗത, ഡ്രൈവറുടെ/കാൽനടക്കാരുടെ തെറ്റായ രീതികൾ, കാലാവസ്ഥ എന്നിവയുമുണ്ടെന്ന് എൻ.എച്ച്.എ.ഐ അറിയിച്ചിട്ടുണ്ട്. The Road Safety Experts of Independent Engineering Firm M/s Intercontinental Consultants and Technologies Pvt. Ltd, New Delhi എന്ന സ്ഥാപനം 02/12/2011-ൽ pre-opening audit നടത്തി ആവശ്യമുള്ള സുരക്ഷ ഈ പ്രോജക്ട് റോഡിന് ഉണ്ടെന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതായി എൻ.എച്ച്.എ.ഐ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും തൃശ്ശൂർ - അങ്കമാലി നാലുവരി പാതയിൽ പുതിയതായി പണിത ഏഴുപാലങ്ങൾക്കും ഫുട്പാത്ത് പണിയുകയും മൂന്ന് സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നൽ സിസ്റ്റംസ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ഫ്ലൈ ഓവറുകളിലും പാലങ്ങളിലും മറ്റ് ജനവാസ കേന്ദ്രങ്ങളിലും കൺസഷൻ എഗ്രിമെന്റ് പ്രകാരമുള്ള ഹൈവേ ലൈറ്റ്സ് സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ എൻ.എച്ച്.ന് നൽകാം എന്ന് പറഞ്ഞിരുന്ന തുക നൽകിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുമോ; യോഗത്തിൽ എടുത്ത തീരുമാനം എന്ന് നടപ്പിലാക്കുമെന്ന് വിശദമാക്കാമോ? | (ഡി) | ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ ഫലപ്രദമായ നടപടി കൈക്കൊള്ളാൻ കഴിയും. |

സെക്ഷൻ ഓഫീസർ